ഉൾനാടൻ ജലപാതകളുടെ വികസനത്തിനായി നടപടികൾ

28(*178) ശ്രീ. കെ. അച്ചുതൻ :
ശ്രീ. കെ. ബാബു :
ശ്രീ. എൻ. ശക്തൻ,
ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ഉൾനാടൻ ജലപാതകളുടെ വികസനത്തിനായി ഇതുവരെ എന്തൊക്കെ നടപടികൾ സ്വീകരിച്ചു എന്ന് വിശദമാക്കുമോ :

(ബി) ഇവയുടെ വികസനത്തിനുവേണ്ടി സമയബന്ധിതമായ പദ്ധതികൾ ആസൂത്രണം ചെയ്തിരുന്നോ :

(സി) ഈ വർഷത്തിൽ ഇത്തരത്തിൽ എതൊക്കെ ഉൾനാടൻ ജലപാതകളുടെ പണി പൂർത്തീകരിക്കണമെന്നാണ് ലക്ഷ്യമിട്ടിരുന്നത് ;

(ഡി) എറ്റെടുത്ത ഇത്തരം പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കാൻ കഴിയാതിരുന്നതിന് കാരണം വ്യക്തമാക്കുമോ ?

മുഖ്യമന്ത്രി (ശ്രീ. വി. എസ്. അച്ചുതാനന്ദൻ) :

(എ) സംസ്ഥാനത്തെ ഉൾനാടൻ ജലപാതകളുടെ വികസനത്തിനായി പന്ത്രണ്ടാം ധനകാര്യ കമ്മീഷന്റെ സഹായത്തോടെ 2006-2010 കാലയളവിലേക്കായി 225 കോടി രൂപയുടെ പദ്ധതി അടങ്കൽ അനുവദിച്ചിരുന്നു. ഇതിൽ ഒന്നാംഘട്ട പ്രവൃത്തികൾക്കായി 52.25 കോടി രൂപയുടെ ഭരണാനുമതി നൽകി. ഇതിൽ ഒന്നാംഘട്ട പണികൾക്ക് ഭരണാനുമതി നൽകിയ 121 പ്രവൃത്തികൾ അറേഞ്ച് ചെയ്യുകയും 93 എണ്ണം പൂർത്തീകരിക്കുകയും ചെയ്തു. രണ്ടാടാംഘട്ടമായി 151.98 കോടി രൂപയുടെ ഭരണാനുമതി നൽകിയ 63 പണികളിൽ 47 എണ്ണം പൂർത്തീകരിച്ചു. ആകെ 61.93 കിലോ മീറ്റർ നീളത്തിൽ കനാൽ പുനരുദ്ധരിച്ചു. പന്ത്രണ്ടാം ധനകാര്യ കമ്മീഷന്റെ സാമ്പത്തിക സഹായത്തോടെ സമയബന്ധിതമായി പൂർത്തിയാക്കാൻ സാധിക്കാത്ത 40 കോടി രൂപയുടെ പണികൾ പൊതുമേഖലാ സ്ഥാപനങ്ങൾക്ക് കത്ത് നൽകി പണികൾ നടത്തുവരുന്നു.

(ബി) ഇവയുടെ വികസനത്തിനായി പദ്ധതികൾ ആസൂത്രണം ചെയ്തിട്ടുണ്ട്.

(സി) പതിമൂന്നാം ധനകാര്യ കമ്മീഷനിൽ ഉൾപ്പെടുത്തി വർക്കല ഭാഗത്ത് നാല് പണികളും കോട്ടപ്പുറം-പൊന്നാനി റീച്ചിൽ മൂന്നു പണികളും പൊന്നാനി-ബേപ്പൂർ റീച്ചിൽ മൂന്നു പണികളും മറ്റ് അനുബന്ധ പണികളും ഉൾപ്പെടെ 124.92 കോടി രൂപയുടെ പദ്ധതികൾ പരിഗണനയിലുണ്ട്. കൂടാതെ നബാഡ് RIDF XVI-ൽ ഉൾപ്പെടുത്തി വിവിധ പദ്ധതികൾ നടപ്പിലാക്കുന്നത് പരിഗണനയിലുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) പല ജില്ലകളിലും റവന്യൂ അധികാരികൾ കനാലിന്റെ അതിർത്തി തിട്ടപ്പെടുത്തി നിൽക്കുന്നതിൽ വരുത്തിയ കാലതാമസം, കനാലിന്റെ ഇരുകരകളിലും താമസിക്കുന്നവരെ പുനരധിവസിപ്പിക്കുന്നതിലുണ്ടായ കാലതാമസവും പണികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് തടസ്സമായി. പതിനഞ്ചാം ധനകാര്യ കമ്മീഷനിൽ ഉൾപ്പെടുത്തിയ ജലപാതകളുടെ പ്രവൃത്തികളിൽ അനധികൃത മണൽഖനനം നടക്കുന്നു എന്ന ആരോപണത്താൽ പണികൾ റവന്യൂ മൈനിംഗ് ആന്റ് ജിയോളജി അധികാരികൾ അന്വേഷണത്തിനു വേണ്ടി പലതവണ പണികൾ നിർത്തി വയ്പ്പിച്ചു.

കൊച്ചി അന്താരാഷ്ട്ര വിമാനത്താവളത്തിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ

29(*179) ശ്രീ. എം. ജെ. ജേക്കബ് :
ശ്രീ. സി. എം. ദിനേശ് മണി :
ശ്രീ. സാജു പോൾ :
ശ്രീ. എം. കെ. പുരുഷോത്തമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊച്ചി അന്താരാഷ്ട്ര വിമാനത്താവളത്തിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ ;

(ബി) കൊച്ചിയിൽ നിന്നും കൂടുതൽ വിമാന സർവ്വീസുകൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(സി) വിമാനത്താവളത്തോടനുബന്ധിച്ച് ഹെലികോപ്റ്റർ ഹബ് വികസിപ്പിക്കുന്നതിന് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ, എങ്കിൽ വ്യക്തമാക്കുമോ?

മുഖ്യമന്ത്രി (ശ്രീ. വി. എസ്. അച്ചുതാനന്ദൻ) :

(എ) കൊച്ചി അന്താരാഷ്ട്ര വിമാനത്താവളത്തിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനായി വിമാനത്താവളത്തിന്റെ സമീപത്ത് ഒരു വിമാനത്താവള നഗരം (Airport City) വികസിപ്പിക്കുവാൻ സിയാൽ ആസൂത്രണം ചെയ്യുന്നുണ്ട്. അവിടെ താഴെപ്പറയുന്ന പദ്ധതികൾ വിഭാവനം ചെയ്തിട്ടുണ്ട്.

1. നശിക്കാനിടയുള്ള ചരക്ക് സൂക്ഷിക്കുന്ന കേന്ദ്രം
2. വ്യോമയാന അക്കാദമി
3. ഗോൾഫ് കോഴ്സ്
4. വിമാന മെയിന്റനൻസ് ഹാങ്കർ
5. ലോജിസ്റ്റിക് കേന്ദ്രം
6. കൺവെൻഷൻ സെന്റർ
7. പ്രദർശന/വാണിജ്യ ഫെയർ സെന്റർ
8. പഞ്ചനക്ഷത്ര, ബഡ്ജറ്റ് ഹോട്ടലുകൾ
9. ഷോപ്പിംഗ് മാളുകൾ
10. മൾട്ടിഫ്ളക്സുകൾ
11. കുടുംബവിനോദ കേന്ദ്രങ്ങൾ
12. മൾട്ടിസ്പെഷ്യാലിറ്റി ഹോസ്പിറ്റൽ.

LIBRARY ARCHIVES Kerala Legislative Assembly